(Pages : 3) **B – 3661**

Reg. No. : .....

Name : .....

Third Semester B.A./B.Sc. Degree Examination, December 2016
First Degree Programme Under CBCSS
Language Course VII
ML 1311.1 (Additional Language – III)
DRSYAKALA SAHITYAM (ദൃശ്യകലാസാഹിത്യം)
(2014 Admn. Onwards)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1) രാമായണം ആട്ടക്കഥ രചിച്ചതാര് ?

2) കൃഷ്ണനാട്ടത്തിന്റെ സാഹിത്യരൂപം ഏത് ?

3) 'കഥകളിരംഗം' എഴുതിയതാര് ?

4) കുഞ്ചൻ നമ്പ്യാരുടെ ജന്മദേശം ഏത് ?

5) ആദ്യത്തെ മലയാള നാടകം ഏത് ?

6) 'Taming of the Shruew' എന്നഷേക്സ്പിയർ കൃതിയുടെ മലയാള തർജ്ജമ ഏത് ?

7) ''അഞ്ചെങ്കിലഞ്ചും കണക്കെന്നവൾക്കൊരു
ചാഞ്ചല്യവുമില്ലതെല്ലുപോലും.....'' ആർക്ക് ? ആരുടെ വാക്കുകൾ ?

8) സ്കൂൾ ഓഫ് ഡ്രാമയുടെ സ്ഥാപക ഡയറക്ടർ ആര് ?

9) നാടകസംബന്ധിയായി സി. ജെ. തോമസ് രചിച്ച കൃതി ഏത് ?

10) 'വൈശാലി' എന്ന സിനിമയിലെ ഗാനസംവിധായകൻ ആര് ? **(10×1=10 മാർക്ക്)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11) കലിയും പുഷ്കരനും തമ്മിൽ നടന്ന സംഭാഷണത്തിലൂടെ വെളിപ്പെടുന്ന പുഷ്കരന്റെ സ്വഭാവം വ്യക്തമാക്കുക.

12) ''പാഥസാം നിചയം വാർന്നൊഴിഞ്ഞളവു
സേതുബന്ധനോദ്യോഗമെന്തെടോ'' – സന്ദർഭവും അലങ്കാരവും വ്യക്തമാക്കുക.

P.T.O.

All Saints' College Trivandrum

13) കക്ഷി ബാധിതനായ നളന്റെ അവസ്ഥ വിവരിക്കുക.

14) "കണ്ട വസ്തുക്കളിൽ കാംക്ഷയുണ്ടായവൾ
കൊണ്ടുവാകൊണ്ടുവായെന്നു കല്പിക്കയും" – സന്ദർഭവും മനുഷ്യസ്വഭാവ നിരീക്ഷണവും വ്യക്തമാക്കുക.

15) "പാരം വലഞ്ഞു കിടക്കുന്നവർക്കല്ലോ –
ഓരുമീവണ്ണം കലമ്പുമാറില്ലെടോ" – വിവക്ഷ എന്ത് ?

16) "പുകകൊണ്ടു കണ്ണടഞ്ഞ ഹോതാവിന്റെ ആഹുതി ഭാഗ്യത്താൽ അഗ്നിയിൽത്തന്നെ വീണു" – സന്ദർഭവും കഥയിൽ ഈ ആശയത്തിനുള്ള ഔചിത്യവും വ്യക്തമാക്കുക

17) "കൊട്ടുതാലിയേലാ പ്രേമം കെട്ടി ഞാന്ന് ചാകുന്നെ". – ആരുടെ വാക്കുകൾ ? സന്ദർഭവും ഔചിത്യവും എന്ത് ?

18) "അമ്മയുടെ നിയോഗമാണിത്". എന്താണ് അമ്മയുടെ നിയോഗം ?

19) ഊമ എന്ന കഥാപാത്രത്തിന് 'കറുത്ത ദൈവത്തെത്തേടി' എന്ന നാടകത്തിലുള്ള സ്ഥാനം എന്ത് ?

20) വിഭാണ്ഡക മഹർഷിയുടെ സ്വഭാവ ചിത്രീകരണം വിശദമാക്കുക.

21) "പാരിലെന്നെയിന്നാർത്തിയാതവർ". കഥാപാത്രസ്വഭാവവും സന്ദർഭവും വിശദമാക്കുക.

22) "ശാപം കൊണ്ട് ശിലയായി മാറാൻ മകളെത്തന്നെ അയച്ചു എന്ന് ദു:ഖിക്കാൻ ഇടവരുത്തരുതേ എന്ന പ്രാർത്ഥന". സന്ദർഭം എന്ത് ? **(8×2=16 മാർ**

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23) കലിയും ഇന്ദ്രനും തമ്മിൽ നടന്ന സംഭാഷണം ദേവ-ദാനവ സ്വഭാവങ്ങളെ സൂക്ഷ്മമായി വെളിപ്പെടുത്തുന്നു. എങ്ങനെ ?

24) ഹനുമാന്റെ ആക്ഷേപങ്ങൾക്ക് ഭീമസേനൻ നല്കുന്ന മറുപടി എന്ത് ?

25) ഭർതൃഗൃഹത്തിലേയ്ക്കു യാത്രയാകുന്ന ശകുന്തളയ്ക്കു അച്ഛൻ കണ്വമഹർഷി നല്കുന്ന ഉപദേശങ്ങളെന്തെല്ലാം ?

All Saints' College Trivandrum

26) എം. ടി. യുടെ തിരക്കഥകളുടെ പ്രത്യേകതകൾ വിശദമാക്കുക.

27) ആത്മാന്വേഷണത്തിന്റെ കഥയാണ് 'കറുത്ത ദൈവത്തെ തേടി' എന്ന നാടകം. വിചിന്തനം ചെയ്യുക.

28) പ്രണയം, മരണം ഇവയുടെ നിസ്സാരതയും അർത്ഥശൂന്യതയും വ്യക്തമാക്കുകയാണോ എൻ. എൻ. പിള്ളയുടെ 'ഗുഡ്നൈറ്റ്' എന്ന നാടകം ? വിചിന്തനം ചെയ്യുക.

29) അമ്മ, ഭാര്യ എന്നീ കഥാപാത്രങ്ങളുടെ ചിത്രീകരണത്തിലെ കൈയൊതുക്കമാണ് 'കറുത്ത ദൈവത്തെത്തേടി' എന്ന നാടകത്തിന്റെ കലാചാതുരി. ഈ അഭിപ്രായം പരിശോധിക്കുക.

30) ''ഖിന്നൻ ഞാനിരുമട്ടഹോ മമതയാൽ
മാൾക്കുന്നിതാരണ്യകൻ
ദണ്ഡിപ്പൂ ഗൃഹിയെത്രതാൻ പുരിയതാം
പുത്രി വിയോഗാർത്തിയാൽ'' – സന്ദർഭവും ആശയവും വ്യക്തമാക്കുക.

31) പുഷ്കരൻ പരാജിതനായ നളനു നല്കുന്ന ആജ്ഞകൾ സംഗ്രഹിക്കുക. **(6×4=24 മാർക്ക്)**

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക.

32) പ്രകൃതിയുടെ സചേതനത്വമാണ് ശാകുന്തളം 4-ാമങ്കത്തെ സജീവമാക്കുന്നത്. വിചിന്തനം ചെയ്യുക.

33) നമ്പ്യാരുടെ വർണ്ണനാപാടവം കല്യാണസൗഗന്ധികം തുള്ളലിനെ മുൻനിർത്തി വിവരിക്കുക.

34) സമൂഹ കാപട്യങ്ങൾക്കെതിരെ കുറിക്കുന്ന ആക്ഷേപഹാസ്യമാണ് എൻ. എൻ. പിള്ളയുടെ 'ഗുഡ്നൈറ്റ്' നാടകം. വിചിന്തനം ചെയ്യുക.

35) തിരക്കഥയുടെ സവിശേഷതകൾ വ്യക്തമാക്കി എം. ടി. യുടെ 'വൈശാലി' ഈ സവിശേഷതകൾ പ്രകടിപ്പിക്കുന്നുണ്ടോ എന്നു പരിശോധിക്കുക.

(2×15=30 മാർക്ക്)

All Saints' College Trivandrum